"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, കൊല്ലങ്കോട് യോഗിനിമാതാ ഗേൾസ് ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സംഗീത എസ്സ് കെ ഫയൽ ചെയ്ത W P (C) No. 10040/2019 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 28/02/2024 തീയതി ഇടക്കാല വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1854/2024/GEDN തീയതി,തിരുവനന്തപുരം, 04-03-2024

---

പരാമർശം:- ബഹു. കേരള ഹൈക്കോടതിയുടെ 28/02/2024 തീയതിയിലെ W.P.(C) No. 10040/2019 മേലുള്ള ഇടക്കാല വിധിന്യായം.

**ഉത്തരവ്**

പാലക്കാട് കൊല്ലങ്കോട് യോഗിനിമാതാ ഗേൾസ് ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സംഗീത എസ്സ് കെ ഫയൽ ചെയ്ത W P (C) No. 10040/2019 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം ഇടക്കാല വിധിന്യായത്തിൽ ഹർജിക്കാരിയ്ക്ക് നിലവിലെ നിയമനാംഗീകാര ഉത്തരവുകൾ പ്രകാരം അർഹതയുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാത്ത പക്ഷം 07/03/2024 തീയതി പ്രിൻസിപ്പൽ സെക്രട്ടറി നേരിൽ ഹാജരാകാൻ ഉത്തരവായിരുന്നു.

2. ടി വിഷയം പരിശോധിച്ചതിൽ, ശ്രീമതി. സംഗീത എസ്സ്. കെ ഫയൽ ചെയ്ത WP(C) No. 27824/2015 റിട്ട് ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച കെ.ഡിസ്/ബി3/5265/2015 തീയതി 08/12/2016 (Ext. 10 in WP(C) No.10040/2019) ഉത്തരവ് പ്രകാരം ശ്രീ. അരുൺ ബാബുവിന്റെ ഹൈസ്കൂൾ അദ്ധ്യാപകൻ (ഗണിതം) സ്ഥാനക്കയറ്റ നിയമനം 06/06/2014 മുതൽ അംഗീകരിച്ചും, ശ്രീ. അരുൺ ബാബു ജോലിനോക്കിയിരുന്ന അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ ടി സ്കൂളിലെ 51A അവകാശിയായ ശ്രീമതി. സംഗീത എസ്സ് കെ യ്ക്ക് 06/06/2014 മുതൽ തന്നെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി അംഗീകാരം നൽകിയും ഉത്തരവായിരുന്നു. എന്നാൽ ചട്ടം 43 അവകാശിയായ ശ്രീ. അരുൺ ബാബു വിനെ ഹൈസ്കൂൾ അദ്ധ്യാപകൻ(ഗണിതം) ആയി നിലനിർത്തിയത് ഹൈസ്കൂൾ അദ്ധ്യാപകൻ(ഇംഗ്ലീഷ്) തസ്തികയിലാണെന്ന് ചൂണ്ടിക്കാട്ടി ടി സ്കൂളിൽ ഹൈസ്കൂൾ അദ്ധ്യാപിക(ഇംഗ്ലീഷ്) ആയി നിയമിതയായ ശ്രീമതി. വി ജി വത്സലയുടെ നിയമനം അംഗീകരിച്ചിരുന്നില്ല.

3. ആയതിനാൽ ശ്രീ. അരുൺ ബാബുവിന്റെ ടി ഹൈസ്കൂൾ അദ്ധ്യാപകൻ(ഗണിതം) സ്ഥാനക്കയറ്റ നിയമനത്തിനെതിരെ ടി സ്കൂളിലെ ഹൈസ്കൂൾ അദ്ധ്യാപിക(ഇംഗ്ലീഷ്) ആയി നിയമിതയായ ശ്രീമതി. വി ജി വത്സല ഫയൽ ചെയ്ത WP(C) No. 11807/2012 റിട്ട്

ഹർജിയിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 1.2.2018 തീയതി വിധിന്യായത്തിൽ ശ്രീ. അരുൺ ബാബുവിന്റെ ഹൈസ്കൂൾ അദ്ധ്യാപകൻ(ഗണിതം) നിയമനം ഹൈസ്കൂൾ അദ്ധ്യാപകൻ(ഇംഗ്ലീഷ്) തസ്തികയിൽ ക്രമീകരിയ്ക്കാൻ കഴിയില്ലെന്നും ആയതിനാൽ ടി ഉത്തരവ് നിലനിൽക്കുന്നതല്ലെന്നും കണ്ടെത്തിയിരുന്നു. ആയതിനാൽ ടി 1.2.2018 തീയതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ.(സാധാ) നം. 826/2019/പൊവിവ തീയതി 01/03/2019(Ext. 19 in WP(C) No.10040/2019) ഉത്തരവിൽ ചട്ടം 43 അവകാശിയായ ശ്രീ. അരുൺ ബാബുവിന്റെ നിയമനം ടി മാനേജ്മെന്റിന്റെ അധീനതയിലുള്ള ബി എസ്സ് എസ്സ് ഹൈസ്കൂളിൽ അവധിയിൽ തുടരുന്ന ഹൈസ്കൂൾ അദ്ധ്യാപിക(ഗണിതം) ശ്രീമതി. ശ്യാമയുടെ അവധി ഒഴിവിൽ ക്രമീകരിയ്ക്കാനും ശ്രീ. അരുൺ ബാബു നിലനിന്നിരുന്ന ഹൈസ്കൂൾ അദ്ധ്യാപകൻ(ഇംഗ്ലീഷ്) തസ്തികയിൽ ശ്രീമതി. വി ജി വത്സലയുടെ ഹൈസ്കൂൾ അദ്ധ്യാപിക(ഇംഗ്ലീഷ്) നിയമനം അംഗീകരിയ്ക്കാനും ശ്രീമതി. ശ്യാമയുടെ അവധി അവസാനിക്കുന്നതിനാൽ 01/04/2013 മുതൽ ശ്രീ. അരുൺ ബാബുവിന്റെ ഹൈസ്കൂൾ അദ്ധ്യാപക(ഗണിതം) നിയമനം ബി എസ്സ് എസ്സ് ഹൈസ്കൂളിലെ ഹൈസ്കൂൾ(ഗണിതം) അദ്ധ്യാപകനായ ശ്രീ. കെ. വി സന്തോഷ് കുമാറിന് പ്രഥമാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ക്രമീകരിയ്ക്കാനും ഉത്തരവായിരുന്നു.

4. എന്നാൽ WP(C) No. 11807/2022 റിട്ട് ഹർജിയിന്മേലുള്ള 1.2.2018 തീയതിയിലെ ടി വിധിന്യായത്തിൽ ശ്രീ. അരുൺ ബാബുവിന്റെ ഹൈസ്കൂൾ അദ്ധ്യാപകൻ(ഗണിതം) നിയമനം ഹൈസ്കൂൾ അദ്ധ്യാപകൻ(ഇംഗ്ലീഷ്) തസ്തികയിൽ ക്രമീകരിയ്ക്കാൻ കഴിയില്ലെന്നും ആയതിനാൽ ടിയാളുടെ നിയമനാംഗീകാര ഉത്തരവ് നിലനിൽക്കുന്നതല്ലെന്നും കണ്ടെത്തിയിരുന്നു എന്ന അനുമാനത്തിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ W P (C) No. 10040/2019 ലെ ഹർജിക്കാരി ശ്രീമതി. സംഗീത എസ്സ്. കെയുടെ നിയമനം അംഗീകരിക്കുകയോ ടിയാൾക്ക് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയോ ചെയ്തിരുന്നില്ല.

5. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ടി വിഷയവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. WP(C) No. 11807/2012 റിട്ട് ഹർജിയിന്മേലുള്ള 1.2.2018 തീയതിയിലെ ടി വിധിന്യായത്തിൽ ശ്രീ. അരുൺ ബാബുവിന്റെ ഹൈസ്കൂൾ അദ്ധ്യാപകൻ(ഗണിതം) നിയമനം ഹൈസ്കൂൾ അദ്ധ്യാപകൻ(ഇംഗ്ലീഷ്) തസ്തികയിൽ ക്രമീകരിയ്ക്കാൻ കഴിയില്ലെന്നും ആയതിനാൽ ടിയാളുടെ നിയമന ഉത്തരവ് നിലനിൽക്കുന്നതല്ലെന്നും ബഹു കേരള ഹൈക്കോടതി കണ്ടെത്തിയെങ്കിലും ശ്രീ. അരുൺ ബാബുവിന്റെ ഹൈസ്കൂൾ(ഗണിതം) അദ്ധ്യാപക നിയമനം ടി മാനേജ്മെന്റിന്റെ അധീനതയിലുള്ള ബി എസ്സ് എസ്സ് ഹൈസ്കൂളിൽ അവധിയിൽ തുടരുന്ന ഹൈസ്കൂൾ(ഗണിതം) അദ്ധ്യാപിക ശ്രീമതി. ശ്യാമയുടെ അവധി ഒഴിവിലും തുടർന്ന് 01/04/2013 മുതൽ ബി എസ്സ് എസ്സ് ഹൈസ്കൂളിലെ തന്നെ ഹൈസ്കൂൾ(ഗണിതം) അദ്ധ്യാപകനായ ശ്രീ. കെ. വി സന്തോഷ് കുമാറിന് പ്രഥമാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലും ക്രമീകരിച്ചാണ് സ.ഉ (സാധാ) നം. 826/2019/പൊവിവ തീയതി 01/03/2019(Ext. 19 in WP(C) No.10040/2019) ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ തന്നെ അരുൺ ബാബുവിന് നിലനിൽക്കാൻ വ്യവസ്ഥാപിത തസ്തികയുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ. അരുൺ ബാബുവിന് സ്ഥാനക്കയറ്റം ലഭിച്ചത് മൂലം നിലവിൽ വന്ന അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തികയിൽ ശ്രീമതി. സംഗീത എസ്സ്. കെ ക്ക്

നിലനിൽക്കാൻ വ്യവസ്ഥാപിത തസ്തികയുള്ളതിനാൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച കെ.ഡിസ്/ബി3/5265/2015 തീയതി 08/12/2016(Ext. 10 in WP(C) No.10040/2019) ഉത്തരവ്, സ.ഉ. (സാധാ) നം. 826/2019/പൊവിവ തീയതി 01/03/2019(Ext. 19 in WP(C) No.10040/2019) ഉത്തരവ് എന്നിവ പ്രകാരം ടിയാളുടെ നിയമനം 06/06/2014 മുതൽ അംഗീകരിക്കുവാനും, ടിയാൾക്ക് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനും, അപ്രകാരമുള്ള നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് അടിയന്തിരമായി അഡ്വക്കേറ്റ് ജനറൽ ഓഫീസിനും സർക്കാരിനും സമർപ്പിക്കുവാനും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, പാലക്കാട് കൊല്ലങ്കോട് യോഗിനിമാതാ ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സംഗീത എസ്സ് കെ ഫയൽ ചെയ്ത W P (C) No. 10040/2019 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം ഇടക്കാല വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട് .
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് .
മാനേജർ, യോഗിനിമാതാ ഹൈസ്കൂൾ, കൊല്ലങ്കോട്, പാലക്കാട് .
പ്രഥമാദ്ധ്യാപകൻ, യോഗിനിമാതാ ഹൈസ്കൂൾ, കൊല്ലങ്കോട്, പാലക്കാട് .
ശ്രീമതി. സംഗീത എസ്സ് കെ ,അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
യോഗിനിമാതാ ഹൈസ്കൂൾ, കൊല്ലങ്കോട്, പാലക്കാട് .
ശ്രീ. അരുൺ ബാബു, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
യോഗിനിമാതാ ഹൈസ്കൂൾ, കൊല്ലങ്കോട്, പാലക്കാട് .
ശ്രീമതി. വി ജി. വത്സല, ഹൈസ്കൂൾ അദ്ധ്യാപിക (ഇംഗ്ലീഷ്)
യോഗിനിമാതാ ഹൈസ്കൂൾ, കൊല്ലങ്കോട്, പാലക്കാട് .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 04-03-2024 16:54:33

സെക്ഷൻ ഓഫീസർ